**കേരള സർക്കാർ**
**ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ജൂൺ 30**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

# Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## കേരള കോസ്റ്റൽ പോലീസ് വാർഡൻ പ്രഥമ ബാച്ചിൻെറ പാസിംഗ് ഔട്ട് പരേഡ് നടത്തി

# കോസ്റ്റൽ പോലീസ് വാർഡൻ നിയമനം മത്സ്യത്തൊഴിലാളികൾക്കുള്ള ബഹുമതി: മുഖ്യമന്ത്രി

കഴിഞ്ഞ വർഷത്തെ പ്രളയത്തിൽനിന്ന്, ആർത്തലച്ചുവന്ന മലവെള്ളപ്പാച്ചിലിൽനിന്ന് സഹജീവികളെ രക്ഷിച്ച മത്സ്യത്തൊഴിലാളികൾക്കുള്ള ബഹുമതിയായി കൂടിയാണ് മത്സ്യത്തൊഴിലാളികളായ, മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽപ്പെട്ട തെരഞ്ഞെടുത്തവർക്ക് കോസ്റ്റൽ പോലീസ് വാർഡൻമാരായി പ്രത്യേക നിയമനം നൽകിയതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. തൃശൂർ രാമവർമ്മപുരത്തെ കേരള പോലീസ് അക്കാദമിയിൽ കേരള കോസ്റ്റൽ പോലീസ് വാർഡൻമാരുടെ പ്രഥമ ബാച്ചിൻെറ പാസിംഗ് ഔട്ട് പരേഡിൽ അഭിവാദ്യം സ്വീകരിച്ച ശേഷം സന്ദേശം നൽകുകയായിരുന്നു മുഖ്യമന്ത്രി. നിയമനത്തിന് ഒരു വർഷം എന്ന കാലപരിധി നിശ്ചയിച്ചിട്ടുണ്ടെങ്കിലും അതേപ്പറ്റി ആശങ്കപ്പെടേണ്ടതില്ല. അർപ്പണ ബോധത്തോടെ ഡ്യൂട്ടി നിർവഹിച്ചാൽ, സംസ്ഥാനവും സർക്കാറും കൈയൊഴിയില്ലെന്ന് കോസ്റ്റൽ പോലീസ് വാർഡൻമാരോടായി മുഖ്യമന്ത്രി പറഞ്ഞു. 200 പേരെ തെരഞ്ഞെടുക്കാൻ തീരുമാനിച്ചതിൽ 23 പേരുടെ കുറവുള്ളത് പെട്ടന്നുതന്നെ നികത്താൻ നടപടി സ്വീകരിക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു. കടലിലെ രക്ഷാപ്രവർത്തനത്തിന് പുറമെ അതിർത്തി രക്ഷ കൂടി കോസ്റ്റൽ പോലീസിൻെറ ചുമതലയാണ്. സംശയാസ്പദമായ ബോട്ടുകളുടെ പരിശോധന, കടൽ പട്രോളിംഗ് എന്നിവയിൽ വിദഗ്ധ പരിശീലനം സേനക്ക് നൽകിയതായും മുഖ്യമന്ത്രി പറഞ്ഞു.

ബ്രിട്ടീഷുകാരുടെ കാലത്ത് പോലീസ് ജനങ്ങളെ ശത്രുക്കളായാണ് കണ്ടിരുന്നതെന്ന് മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. സ്വാതന്ത്ര്യാനന്തര ഇന്ത്യയിലും വലിയ മാറ്റം ഇതിലുണ്ടായില്ല. എന്നാൽ, മാറ്റത്തിൻെറ കാഹളം നമ്മുടെ കൊച്ചു കേരളത്തിൽനിന്നാണ് മുഴങ്ങിയത്. കേരളത്തിലെ ആദ്യത്തെ ഗവൺമെൻറ് പോലീസ് മാന്വലിൽ വരുത്തിയ പരിഷ്കാരം രാജ്യം ആകെ ശ്രദ്ധിച്ചതായിരുന്നു. ഇടവേളകളോടെയെങ്കിലും ആ സർക്കാറിൻെറ മാതൃക പിന്തുടർന്നുകൊണ്ട് പോലീസിന് കൂടുതൽ മാനുഷികമായ മുഖം നൽകുന്നതിനുള്ള ശ്രമങ്ങളാണ് നമ്മുടെ സംസ്ഥാനത്ത് നടന്നിട്ടുള്ളത്. ഇതിന് നല്ല ഫലം നേടാൻ കഴിഞ്ഞിട്ടുണ്ട് എന്നതുതന്നെയാണ് വസ്തുത.

അതിൻെറ അർഥം ഒറ്റപ്പെട്ട ചില സംഭവങ്ങൾ ഉണ്ടാകുന്നില്ല എന്നതല്ലെന്ന് മുഖ്യമന്ത്രി പറഞ്ഞു. ചില സംഭവങ്ങൾ നമ്മളെയാകെ വേദനിപ്പിച്ചതാണ്. സംഭവിക്കാൻ പാടില്ലാത്ത കാര്യം പല മേഖലയിലും സംഭവിച്ചിട്ടുണ്ട്. പക്ഷേ, സംഭവിക്കാൻ പാടില്ലാത്തത് പോലീസ് സേനയിൽ സംഭവിക്കരുത്. അനേകായിരം വ്യത്യസ്ത വ്യക്തിത്വങ്ങൾ ജോലി ചെയ്യുന്ന ഒരു സേനയാണ് പോലീസ്. അതിനകത്ത് ചിലർക്ക് ചില പ്രത്യേക മാനസികാവസ്ഥ ഉണ്ടായേക്കാം. ഒറ്റപ്പെട്ട ചില വ്യക്തികൾക്ക് ഉണ്ടാവുന്ന പ്രത്യേക മാനസികാവസ്ഥ അതേ പോലെ പ്രകടിപ്പിക്കാൻ കഴിയുന്ന സാഹചര്യം പോലീസിൽ ഉണ്ടാവാൻ പാടില്ല. കാരണം, ആ ആളുകൾ ഒറ്റയാൾ പട്ടാളമല്ല. അദ്ദേഹത്തിൻെറ മേലെ ഇതിലും വലിയ ആളുകളുണ്ട്. ചിലപ്പോൾ കീഴെയും ചിലർ ഉണ്ടാവും. പലവിധ നിയന്ത്രണങ്ങൾക്ക് വിധേയമായി മാത്രമേ ഏതൊരു പോലീസ് ഉദ്യോഗസ്ഥനും പ്രവർത്തിക്കാനാവൂ. ഒറ്റപ്പെട്ട രീതിയിൽ സംഭവിക്കുന്ന വീഴ്ച കേവലം ഒറ്റപ്പെട്ടതും യാദൃച്ഛികവുമാണ് എന്നു പറഞ്ഞ് മാറി നിൽക്കാനാവില്ല. തെറ്റു ചെയ്താൽ, ആ തെറ്റിനെതിരെ കർക്കശമായ നടപടി എ

ടുക്കുക എന്നതാണ് സർക്കാറിൻെറ നയം. ആ രീതിയിൽതന്നെയുള്ള ചില നടപടികൾ ചില കാര്യങ്ങളിൽ വേണ്ടതുണ്ട് എന്നാണ് സർക്കാർ കാണുന്നത്. എന്നാൽ, അതേസമയം തങ്ങളുടെ ഡ്യൂട്ടി കാര്യക്ഷമതയോടെ നിർവഹിക്കുമ്പോൾ തെറ്റായ പ്രചരണങ്ങളും അതിൻെറ ഭാഗമായുള്ള കുറ്റപ്പെടുത്തലുകളും ഉണ്ടായെന്നു വരും. ആ പ്രചരണങ്ങളുടെയും കുറ്റപ്പെടുത്തലുകളുടെയും പിന്നാലെ പോയി ആത്മാർഥതയോടെ ജോലി ചെയ്യുന്ന ഒരു പോലീസുദ്യോഗസ്ഥരേയും ക്രൂശിക്കുന്ന നിലപാട് ഒരു ഘട്ടത്തിലും സർക്കാർ സ്വീകരിക്കില്ല. എന്നാൽ, അത് തെറ്റ് ചെയ്യുന്നവർക്ക് ബാധകമല്ല. ഈ ഒരു പൊതുബോധം ജോലിയിലും കൃത്യ നിർവഹണത്തിലും ഉണ്ടാവണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

അഞ്ച് വനിതകളടക്കം 177 പേരടങ്ങിയ ബാച്ചിൻെറ പാസിംഗ് ഔട്ട് പരേഡിൽ മുഖ്യമന്ത്രി അഭിവാദ്യം സ്വീകരിച്ചു. തുടർന്ന് പരേഡ് മുഖ്യമന്ത്രി പരിശോധിച്ചു. പരിശീലന കാലത്തെ മികവിന് ബെസ്റ്റ് ഔട്ട്ഡോറും ഓൾറൗണ്ടറുമായി തെരഞ്ഞെടുക്കപ്പെട്ട കണ്ണൂർ ജില്ലയിലെ എടക്കാട് സ്വദേശി സുകേന്ദ് കെ, ബെസ്റ്റ് ഇൻഡോർ കണ്ണൂർ ജില്ലയിലെ രാമന്തളി സ്വദേശി വില്ല്യം ചാൾസൺ, തിരുവനന്തപുരം പൊഴിയൂർ സ്വദേശിനി ജി. ഷീബ എന്നിവർക്ക് മുഖ്യമന്ത്രി പ്രത്യേക അവാർഡുകൾ നൽകി. തുടർന്ന് സേനാംഗങ്ങളുടെ സത്യപ്രതിജ്ഞക്ക് ശേഷം സ്ലോ മാർച്ചും ക്വിക് മാർച്ചും നടന്നു. നീല യൂനിഫോമണിഞ്ഞ് അടുക്കും ചിട്ടയുമായി നടത്തിയ പരേഡ് കോസ്റ്റൽ പോലീസ് വാർഡൻമാരുടെ കഴിവും അർപ്പണ ബോധവും പരിശീലന മികവും വിളിച്ചറിയിക്കുന്നതായിരുന്നു.

കേരളത്തിൻെറ തീരദേശ ജില്ലകളിൽനിന്ന് പ്രത്യേകം തെരഞ്ഞെടുത്തവർക്കാണ് കോസ്റ്റൽ പോലീസ് വാർഡൻമാരായി ഒരു വർഷത്തേക്ക് നേരിട്ട് നിയമനം നൽകിയത്. നാലുമാസത്തെ തീവ്ര പരിശീലന കാലയളവിൽ കോസ്റ്റ് ഗാർഡിൻെറ കീഴിലെ കടലിലെ ബോൾ ബാലൻസിംഗ്, ചെസ്റ്റ് ക്യാരിയിംഗ്, കടലിലെ അതിജീവന സങ്കേതങ്ങൾ എന്നിവ കൂടാതെ നാവികസേനയുടെയും ഫയർഫോഴ്സിൻെറയും പരിശീലനവും പോലീസ് സ്റ്റേഷനുകളിലെ പരിശീലനവും ഇവർക്ക് ലഭിച്ചു.

പാസിംഗ് ഔട്ട് പരേഡിൽ കൃഷി വകുപ്പ് മന്ത്രി വി.എസ് സുനിൽകുമാർ, ഡി.ജി.പി ലോക്നാഥ് ബെഹ്റ, ട്രെയിനിംഗ് എ.ഡി.ജി.പി പോലീസ് അക്കാദമി സൂപ്രണ്ട് ഡോ. ബി. സന്ധ്യ തുടങ്ങിയ ഉന്നത പോലീസ് ഉദ്യോഗസ്ഥർ സംബന്ധിച്ചു.

## നവീകരിച്ച തൃശൂർ നീന്തൽക്കുള സമുച്ചയവും സ്പ്ലാഷ് പദ്ധതിയും ഉദ്ഘാടനം ചെയ്തു

# ഈ വർഷം രണ്ട് സ്പോർട്സ് മെഡിസിൻ സെൻററുകൾ ആരംഭിക്കും: മന്ത്രി ഇപി ജയരാജൻ

സംസ്ഥാന സർക്കാരിൻെറ കീഴിൽ ഈ വർഷം തൃശൂരിലും, കണ്ണൂരിലുമായി രണ്ട് പുതിയ സ്പോർട്സ് മെഡിസിൻ സെൻററുകൾ ആരംഭിക്കുമെന്ന് വ്യവസായ, കായിക, യുവജനകാര്യ വകുപ്പ് മന്ത്രി ഇ.പി ജയരാജൻ. നവീകരിച്ച തൃശൂർ നീന്തൽക്കുള സമുച്ചയത്തിൻെറ ഉദ്ഘാടനവും സ്പ്ലാഷ് പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനവും അക്വാട്ടിക്ക് കോംപ്ലക്സിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. കായിക രംഗത്ത് വലിയ മാറ്റങ്ങളാണ് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. സംസ്ഥാനത്ത് 24 സ്വിമ്മിങ്ങ് പൂളുകൾ ഉടൻ യാഥാർഥ്യമാകും. ലാലൂരിൽ നിർമ്മിക്കുന്ന ഐ.എം. വിജയൻ സ്പോർട്സ് കോംപ്ലക്സ് ഒരുവർഷത്തിനുള്ളിൽ നിർമ്മാണം പൂർത്തീകരിക്കാൻ നിർദേശം നൽകിയിട്ടുണ്ട്. കായിക വികസനത്തിൽ തൃശൂരിന് വലിയ പരിഗണനയാണ് സർക്കാർ നൽകിയിരിക്കുന്നതെന്ന് അദ്ദേഹം കൂട്ടിചേർത്തു. കായിക വികസനത്തോടൊപ്പം കായിക താരങ്ങളുടെ ക്ഷേമവും സർക്കാർ ഉറപ്പുവരുത്തും. കായിക നയത്തിൽ കുട്ടികൾക്ക് പ്രാധാന്യം നൽകും.

6.69 കോടി രൂപ ചെലവിലാണ് നീന്തൽക്കുള സമുച്ചയം നവീകരിച്ചത്. വിദ്യാർഥികളിൽ നീന്തൽ പരിശീലനം പ്രോത്സാഹിപ്പിക്കും. ചുരുങ്ങിയ കാലം കൊണ്ട് നീന്തൽ കേരളത്തിൽ ജനപ്രിയ കായിക ഇനമായി മാറികഴിഞ്ഞു. അന്താരാഷ്ട്ര നിലവാരത്തിലുള്ള മത്സരങ്ങൾ സംഘടി

പ്പിക്കാൻ പ്രാപ്തമായ നിർമ്മാണപ്രവർത്തനങ്ങൾ തൃശൂരിലെ നീന്തൽ സമുച്ചയത്തിൽ നടത്തുമെന്നും മന്ത്രി പറഞ്ഞു.

അക്വാട്ടിക് കോംപ്ലക്സിലെ പ്രധാന നീന്തൽക്കുളം, നവീകരിച്ച ഹോസ്റ്റൽ റൂം, മറ്റ് അനുബന്ധ കെട്ടിടങ്ങൾ എന്നിവ ആധുനിക രീതിയിലാണ് പൂർത്തീകരിച്ചത്. അത്യാധുനിക രീതിയിലുള്ള ഫിൽട്ടറേഷൻ സിസ്റ്റം, സ്റ്റാർട്ടിങ് ബ്ലോക്കുകൾ, പൂൾ ലാഡറുകൾ, ഡൈവിങ് ബോർഡുകൾ, ഫ്ളഡ്ലൈറ്റ് സിസ്റ്റം, വാട്ടർ ലൈറ്റിങ് സിസ്റ്റം എന്നിവയാണ് സജ്ജീകരിച്ചിരിക്കുന്നത്. അക്വാട്ടിക് കോംപ്ലക്സിലെ ബാസ്ക്കറ്റ് ബോൾ, വോളി ബോൾ കോർട്ടുകളും നവീകരിച്ചു. നീന്തൽ പഠനത്തിന് മാത്രമായി 27 കായികതാരങ്ങൾ താമസിക്കുന്ന ഹോസ്റ്റൽ മുറികളും നവീകരിച്ചു. 1987ൽ കേരളത്തിൽ നടന്ന ദേശീയ ഗെയിംസിനോട് അനുബന്ധിച്ച് നിർമ്മിച്ചതാണ് ഈ നീന്തൽക്കുളം.

നവീകരിച്ച ഹോസ്റ്റൽ ബ്ലോക്കിൻെറ ഉദ്ഘാടനം തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ നിർവഹിച്ചു. കൃഷിവകുപ്പ് മന്ത്രി അഡ്വ. വി.എസ്. സുനിൽകുമാർ അധ്യക്ഷത വഹിച്ചു. അഡ്വ. വി.ആർ. സുനിൽകുമാർ എം.എൽ.എ., കോർപ്പറേഷൻ മേയർ അജിത വിജയൻ, ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് മേരി തോമസ്, സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രസിഡൻറ് മേഴ്സിക്കുട്ടൻ എന്നിവർ മുഖ്യാതിഥികളായി. വാർഡ് കൗൺസിലർ എം.എസ്. സമ്പൂർണ, സംസ്ഥാന സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അഡ്മിനിസ്ട്രേറ്റീവ് ബോർഡ് മെമ്പർ ഐ.എം. വിജയൻ, ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡൻറ് കെ.ആർ. സാംബശിവൻ, അക്വാട്ടിക് അസോസിയേഷൻ വൈസ് പ്രസിഡൻറ് റോജി ആൻറണി എന്നിവർ പങ്കെടുത്തു. കായിക യുവജനകാര്യാലയം അഡീഷണൽ ഡയറക്ടർ അജിത്കുമാർ ബി റിപ്പോർട്ട് അവതരിപ്പിച്ചു. കായിക യുവജനകാര്യ വകുപ്പ് ഡയറക്ടർ സഞ്ജയകുമാർ ഐ.എഫ്.എസ്. സ്വാഗതവും ജില്ലാ സ്പോർട്സ് കൗൺസിൽ വൈസ് പ്രസിഡൻറ് ബിന്നി ഇമ്മട്ടി നന്ദിയും പറഞ്ഞു.

## സ്പ്ലാഷ് നീന്തൽ പരിശീലന പദ്ധതിക്ക് സംസ്ഥാനതലത്തിൽ തുടക്കമായി

സംസ്ഥാന സർക്കാർ കായിക യുവജനകാര്യാലയം വഴി തെരഞ്ഞെടുക്കപ്പെട്ട എജൻസികളുടെ സഹകരണത്തോടെ സ്കൂൾ കുട്ടികൾക്കായി നടപ്പിലാക്കുന്ന അതിജീവന നീന്തൽ പരിശീലന പദ്ധതിയായ സ്പ്ലാഷിന് തുടക്കമായി. തൃശൂർ അക്വാട്ടിക് കോംപ്ലക്സിൽ കായിക വകുപ്പ് മന്ത്രി ഇ.പി. ജയരാജൻ പദ്ധതി ഉദ്ഘാടനം ചെയ്തു. അപ്രതീക്ഷിത ജല അപകടങ്ങളെ അതിജീവിക്കാൻ ആവശ്യമായ നീന്തൽ കഴിവുകൾ കുട്ടികളിൽ വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന പദ്ധതിയിലൂടെ ആദ്യഘട്ടത്തിൽ 6000 വിദ്യാർഥികൾക്ക് പരിശീലനം നൽകാനാണ് ലക്ഷ്യമിടുന്നത്.

പദ്ധതിയുടെ ആദ്യ അഞ്ച് മാസം ഇടുക്കി, തൃശൂർ, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ അഞ്ച് ജില്ലകളിൽനിന്നും 1200 കുട്ടികൾ വീതം ആദ്യഘട്ടത്തിൽ പരിശീലനം നേടും. 12 നും 18 വയസിനും ഇടയിൽ പ്രായമുള്ള വിദ്യാർഥികൾക്ക് സൗജന്യമായാണ് നീന്തൽ പരിശീലനം നൽകുക. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സന്നദ്ധ സംഘടനകളുടേയും സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുക. വിദഗ്ധ പരിശീലനം ലഭിച്ച ഇൻസ്ട്രക്ടർമാരുടെ നേതൃത്വത്തിലാണ് പരിശീലനം. 60 വിദ്യാർഥികൾ ഉൾപ്പെടുന്ന ബാച്ചുകളായാണ് പരിശീലനം. ഒരു ബാച്ചിന് ഒരു ദിവസം ഒരു മണിക്കൂർ 15 മിനിറ്റ് എന്ന നിലയിൽ ഒരു വിദ്യാർഥിക്ക് 20 മുതൽ 25 മണിക്കൂർ വരെ നീന്തൽ പരിശീലനം ലഭിക്കും. ദൈനംദിന പരിശീലനം, വാരാന്ത്യ-അവധിക്കാല പരിശീലനം എന്ന രീതിയിലാണ് പദ്ധതി ക്രമീകരിച്ചിരിക്കുന്നത്. പെൺകുട്ടികൾക്കായി വനിതാ പരിശീലകരുടെ സേവനം ലഭ്യമാക്കും. രണ്ടാംഘട്ടത്തിൽ പദ്ധതി മറ്റ് ജില്ലകളിലേക്കും വ്യാപിപ്പിക്കാനാണ് കായിക വകുപ്പ് ലക്ഷ്യമിടുന്നത്.

## പ്രളയനഷ്ട പരിഹാരം: വ്യാജപ്രചരണങ്ങളിൽ വഞ്ചിതരാകരുത്-കളക്ടർ

പ്രളയനഷ്ട പരിഹാരം സംബന്ധിച്ച് വ്യാജപ്രചരണങ്ങളിൽ പൊതുജനങ്ങൾ വഞ്ചിതരാകരുതെന്ന് ജില്ലാ കളക്ടർ ടി.വി. അനുപമ അറിയിച്ചു. പ്രളയത്തിൽ നാശനഷ്ടം സംഭവിച്ചവർക്ക് അടിയന്തിര സഹായമായി ലഭിച്ച 10000 രൂപയ്ക്ക് പുറമേ കേന്ദ്രസർക്കാരിൻെറ സഹായമായി 20000

രൂപ ലഭിക്കുമെന്നും, തൃശൂർ കളക്ട്രേറ്റിലാണ് അപേക്ഷ സമർപ്പിക്കേണ്ടതെന്നും ഇതിനുള്ള അവസാന തീയതി നാളെയാണെന്നും ഇക്കാര്യം സംസ്ഥാന സർക്കാർ ആരെയും അറിയിച്ചിട്ടില്ലെന്നുമുള്ള വ്യാജപ്രചാരണമാണ് ചില സോഷ്യൽ മീഡിയ പോസ്റ്റുകൾ വഴി നടക്കുന്നത്.

## അകക്കണ്ണ് കാമ്പയിൻ ഉദ്ഘാടനം ഒന്നിന്

വായനാ വാരാചരണത്തിന്റെ ഭാഗമായി ജില്ലാ ഇൻഫർമേഷൻ ഓഫീസ് സംഘടിപ്പിക്കുന്ന അകക്കണ്ണ് കാമ്പയിന്റെയും 'മാറുന്ന ലോകം, മാറുന്ന വായന' സെമിനാറിന്റെയും ഉദ്ഘാടനം ജൂലൈ ഒന്നിന് രാവിലെ പത്തിന് ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ സംസ്കൃത സർവകലാശാല വൈസ് ചാൻസിലർ ഡോ. ധർമ്മരാജ് അടാട്ട് നിർവഹിക്കും. ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡൻറ് കെ.കെ. ഷീജു അധ്യക്ഷത വഹിക്കും. ചാലക്കുടി നഗരസഭ ചെയർപേഴ്സൻ ജയന്തി പ്രവീൺ കുമാർ, ജില്ലാ പഞ്ചായത്തംഗം അഡ്വ. കെ.ആർ സുമേഷ്, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് മേഖലാ ഡെപ്യൂട്ടി ഡയറക്ടർ വി.പി സുലഭകുമാരി, ജില്ലാ ഇൻഫർമേഷൻ ഓഫീസർ ബി. സേതുരാജ്, ജില്ലാ ലൈബ്രറി കൗൺസിൽ സെക്രട്ടറി കെ.എൻ ഹരി, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും.

## അവസാനിച്ചു